ഉത്തരം

(എ) ഫുട്ബോൾ താരമെന്ന നിലയിൽ കൈവരിച്ച നേട്ടങ്ങൾ പരിഗണിച്ച് കെ.എ.പി. ബറ്റാലിയനിലെ അസിസ്റ്റന്റ് കമാന്റണ്ടായ, മുൻ കേരള പോലീസ് ഫുട്ബോൾ താരം ശ്രീ. സി. വി. പാപ്പച്ചന് സർക്കാർ വക ഭൂമി സൗജന്യമായി നല്കിയിട്ടുണ്ട്. ഇത് റവന്യൂ വകുപ്പ് വഴിയാണ് നൽകിയിട്ടുള്ളത്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

38 (1506) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് ഹെഡ്ക്വാർട്ടേഴ്സ് മുതൽ പോലീസ് സ്റ്റേഷൻ വരെ കംപ്യൂട്ടർവൽക്കരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പോലീസ് സ്റ്റേഷൻതലം മുതൽ ഡി.ജി.പി. ഓഫീസ് വരെ കംപ്യൂട്ടറൈസ് ചെയ്യുവാൻ ഉദ്ദേശ്യമുണ്ട്. ഇതിനായി മോഡേണൈസേഷൻ സ്കീം 2001-02-ൽ 475.01 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് സേനയുടെ നവീകരണം

39 (1507) ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് സേനയെ ഏറ്റവും മെച്ചപ്പെട്ടതാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം വിധത്തിലുള്ള പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു ;

(സി) മൂന്നാംമുറ പ്രയോഗത്തിൽ നിന്ന് പിന്തിരിയുന്നതിനും ശാസ്ത്രീയ രീതികളവലംബിച്ച് കേസ്സുകൾക്ക് തുമ്പുണ്ടാക്കുവാനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly